# ‘പ്രതിഫലം നൽകുന്ന ദൈവം’

## മർക്കൊസ് 9:41

“നിങ്ങൾ ക്രിസ്തുവിനുള്ളവരാകയാൽ എന്റെ നാമത്തിൽ ഒരു പാത്രം വെള്ളം നിങ്ങൾക്കു തരുന്നവന് പ്രതിഫലം ലഭിക്കാതിരിക്കുകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.”

ഈ വചന ഭാഗം നമുക്ക് രണ്ടായി ചിന്തിക്കാം. ഒന്ന് നാം ഒരു ദൈവപൈതലിനെ അനുഗ്രഹിക്കുമ്പോൾ നാം ദൈവത്താൽ അനുഗ്രഹീതരായിത്തീരുന്നു. രണ്ട് ഒരുവൻ നമുക്ക് എന്തെങ്കിലും സഹായം ചെയ്യുമ്പോൾ അത് അവൻ ദൈവകൃപയാൽ അനുഗ്രഹിക്കപ്പെടുക വഴി അവൻ ചെയ്യുന്ന സഹായം അനുഭവിക്കാനുള്ള ഭാഗ്യം നമുക്ക് ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹത്താൽ സാധിക്കും. അതാണ് നമ്മുടെ ദൈവത്തിന്റെ വ്യാപ്തി എന്നു പറയുന്നത്. നമ്മുടെ ദൈവമോ അവൻ സകലത്തിലും വ്യാപരിക്കുന്ന ഒരു ശക്തിയാണ്. ആ ശക്തി എന്നിലും നിങ്ങളിലും വരുമ്പോൾ നാം ബലവാന്മാരായി മാറുന്നു.

ദൈവ വചനത്തിൽ വളരെ വ്യക്തമായി പല ഭാഗങ്ങളിലും നിർവ്വചിച്ചിട്ടുണ്ട് നാം നമ്മുടെ സഹോദരങ്ങളോടും മറ്റുള്ളവരോടും എങ്ങനെ പെരുമാറണമെന്ന്. കാരണം അത് ദൈവസന്നിധിയിൽ വളരെയധികം വില കൽപ്പിക്കപ്പെടുന്ന ഒന്നാണ്. ആയതിനാൽ അതു നമുക്കും അതുപോലെ തന്നെയായിരിക്കണം. മാതാപിതാക്കളായിട്ടുള്ള എല്ലാവരുടെയും ആഗ്രഹം എന്നു പറയുന്നത് അവരുടെ മക്കൾ അന്യോന്യം സ്നേഹത്തിലും അനുസ്സരണയിലും വളരണം എന്നാണ്. എന്നാൽ അവർ അന്യോന്യം മത്സരിക്കുകയോ, ശാഠ്യം പിടിക്കുകയോ മറ്റോ ചെയ്താൽ അത് നമ്മെ വളരെയധികം ദു:ഖിപ്പിക്കും. കാരണം നാം നമ്മുടെ ഒരോ കുഞ്ഞുങ്ങളെയും ഒരു പോലെയാണ് സ്നേഹിക്കുന്നത്. അവർ ഒത്തൊരുമയിൽ കഴിയണം എന്നാണ് നാം ആഗ്രഹിക്കുന്നത്. അവർ അങ്ങനെ ചെയ്യുമ്പോൾ നമ്മുടെ കുടുംബത്തിൽ സന്തോഷവും സമാധാനവും ഉണ്ടാവും. ഈ ലോകത്തിലെ മതാപിതാക്കളായ നാം ഓരോരുത്തരും നമ്മുടെ മക്കളിൽ നിന്ന് ഇങ്ങനെ ആഗ്രഹിക്കുകയും അവർ അപ്രകാരം ചെയ്യുക വഴി നാം സന്തോഷിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ നമ്മുടെ സർവ്വശക്തനായ പിതാവാം ദൈവം നമ്മെക്കുറിച്ച് എത്രമാത്രം അതാഗ്രഹിക്കുന്നുണ്ടാവും.

ഒരുവന് ഒരു പാത്രം വെള്ളം കുടിക്കാൻ കൊടുക്കുക എന്നത് ഒരുപക്ഷെ നമ്മെ സംബന്ധിച്ചിടത്തോളം ഒരു ചെറിയ കാര്യമായിരിക്കും. ഒരാൾക്ക് ഭക്ഷണം കൊടുത്ത് അവന്റെ വിശപ്പ് അടക്കുന്നതോ അല്ലെങ്കിൽ അവന് അതിനുള്ള വക കൊടുക്കുന്നതോ പോലെ അത്ര പ്രാധാന്യമുള്ള കാര്യമായിട്ടായിരിക്കില്ല ഇത് നമ്മുടെ മാനുഷികമായ

ചിന്തയിൽ ഉത്ഭവിക്കുന്നത്. എന്നാൽ കർത്താവ് നമ്മെ ഇവിടെ ഓർമ്മിപ്പിക്കുന്നു നീ ചെയ്യുന്ന ഓരോ ചെറിയ പ്രവൃത്തിക്കു വരെ നിനക്ക് പ്രതിഫലം കണക്കിടപ്പെട്ടിരിക്കുന്നു. കാരണം നീ അങ്ങനെ ചെയ്യുക വഴി മറ്റൊരുവന് പ്രതീക്ഷയുടെ ഒരു വഴി തുറക്കപ്പെടുകയാണ് ചെയ്യുന്നത്. അതുവഴി നിന്റെ ജീവിതത്തിലേക്ക് അനുഗ്രഹത്തിന്റെ കലവറയും തുറന്നിടപ്പെടുന്നു. അതു കൊണ്ട് നീ എന്തു ചെയ്താലും അത് കർത്താവിന്റെ നാമമഹത്വത്തിനായി ചെയ്യുക. അപ്രകാരം ചെയ്യുക വഴി നിന്നെ അനുഗ്രഹിക്കുവാൻ അവൻ ബാധ്യസ്ഥനാണ്.

യോഹന്നാൻ 13:34–35 ൽ ഇപ്രകാരം പറയുന്നു "ഒരു പുതിയ കൽപ്പന ഞാൻ നിങ്ങൾക്കു തരുന്നു; നിങ്ങൾ അന്യോന്യം സ്നേഹിക്കണം. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം. നിങ്ങൾക്കു പരസ്പരം സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യർ എന്ന് എല്ലാവരും അറിയും." കർത്താവ് പറഞ്ഞതുപോലെ അവന്റെ ശിഷ്യന്മാർ എന്നു വിളിക്കപ്പെടണമെങ്കിൽ നാം ഓരോരുത്തരും കർത്താവ് നമ്മെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കേണ്ടതാകുന്നു. അങ്ങനെ ചെയ്യുകവഴി നമ്മെ കാണുന്നവർ നാം വാസ്തവത്തിൽ ദൈവത്തിന്റെ പൈതൽ എന്നു സാക്ഷ്യപ്പെടുത്തും. അതുവഴി അവരെ ആ സ്നേഹത്തിലേക്ക് കൊണ്ടുവരാനും ഇടയായിത്തീരും. ആയതിനാൽ പ്രിയമുള്ളവരെ കർത്താവിന്റെ വിളി ഇന്നതെന്നു തിരഞ്ഞെടുത്ത് അതിൻപ്രകാരം നമ്മുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുക. അവൻ നമ്മോട് കൽപ്പിക്കുന്ന സകലതും, അതു എത്ര ചെറിയ കാര്യമായിക്കൊള്ളട്ടെ അതു പൂർണ്ണ മനസ്സോടും പൂർണ്ണ ഹൃദയത്തോടും നിറവേറ്റുവാൻ നാം തയ്യാറാവണം. അതിനായി ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥികുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടേ..

പരാമർശം :

സങ്കീർത്തനങ്ങൾ 71:17–19

"ദൈവമേ, എന്റെ ബാല്യം മുതൽ, അങ്ങ് എന്നെ പഠിപ്പിച്ചിരിക്കുന്നു; ഇന്നുവരെയും ഞാൻ അങ്ങയുടെ അത്ഭുതപ്രവൃത്തികളെ വർണ്ണിക്കുന്നു. ദൈവമേ, അടുത്ത തലമുറയോട് ഞാൻ അങ്ങയുടെ ശക്തിയെയും ഭാവി ജനതകളോട് അങ്ങയുടെ ബലത്തെയും പ്രഘോഷിക്കുന്നതുവരെയും വാർദ്ധക്യവും നരയുമുള്ള കാലത്തും എന്നെ ഉപേക്ഷിക്കരുതേ. വങ്കാര്യങ്ങളെ പ്രവർത്തിച്ചിട്ടുള്ള ദൈവമേ, അവിടുത്തെ നീതി ആകാശത്തോളം ഉന്നതമത്രേ; ദൈവമേ, അങ്ങേയ്ക്കു തുല്യൻ ആരുള്ളൂ?"

ബ്രദർ ബിനു ബേബി ആലപ്പുഴ 035